STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.665/PR/SPMC/PHQ/2020 Date :20.12.2020

## എറണാകുളത്ത് നടുറോഡിൽ യുവതിക്ക് നേരെ അതിക്രമം: പ്രതിയെ പിടികൂടിയ പോലീസ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന പോലീസ് മേധാവിയുടെ പ്രശംസാപത്രം

എറണാകുളം നഗരത്തിൽ അർദ്ധരാത്രി ഇരുചക്രവാഹനത്തിൽ സഞ്ചരിക്കുകയായിരുന്ന യുവതിയെ ഒരാൾ അധിക്ഷേപിച്ച സംഭവത്തിൽ അടിയന്തരനടപടി സ്വീകരിച്ച പോലീസ് സംഘത്തിന് സംസ്ഥാന പോലീസ് മേധാവിയുടെ അനുമോദനം. എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ എസ്.വിജയശങ്കർ, എസ്.ഐമാരായ കെ.എക്സ്.തോമസ്, എം.ആർ.സരള, സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ കെ.എൽ.അനീഷ്, പി.ജി.ശ്രീകാന്ത്, വി.എസ്.ശിഹാബുദ്ദീൻ, വി.സിന്ധു, സിവിൽ പോലീസ് ഓഫീസർമാരായ ഡി.രഞ്ജിത്ത് കുമാർ, പി.എ.ഇഗ്നേഷ്യസ് എന്നിവർക്ക് ഡിജിപിയുടെ പ്രശംസാപത്രവും ഗുഡ് സർവീസ് എൻട്രിയും നൽകാനാണ് സംസ്ഥാന പോലീസ് മേധാവി ഉത്തരവായത്.

നവംബർ 15ന് രാത്രി 11.30 ന് ഒരു സുഹൃത്തിന്റെ വീട്ടിൽ നിന്ന് ഇരുചക്രവാഹനത്തിൽ മടങ്ങവേയാണ് യാത്രക്കാരിക്ക് ദുരനുഭവമുണ്ടായത്. പിന്നാലെ എത്തിയ ബൈക്ക് യാത്രക്കാരൻ ഹൈക്കോടതി ജംഗ്ഷനു സമീപം വച്ച് സ്ത്രീയെ ആക്രമിക്കുകയും അപമാനിക്കുകയുമാണ് ഉണ്ടായത്. ഉടൻ പോലീസിനെ ഫോണിൽ ബന്ധപ്പെട്ട അവരെ വനിതാ പോലീസ് അടക്കം എത്തി എറണാകുളം നോർത്ത് സ്റ്റേഷനിലേക്ക് കൂട്ടിക്കൊണ്ടുപോകുകയായിരുന്നു. തുടർന്ന് മൊഴി നൽകുകയും അടുത്തദിവസം രാവിലെ സെൻട്രൽ പോലീസ് ഇൻസ്പെക്ടറെ നേരിൽ കണ്ട് കാര്യങ്ങൾ ധരിപ്പിക്കുകയും ചെയ്തു.

വിശദമായ അന്വേഷണത്തിനൊടുവിൽ ഡിസംബർ ഒന്നിന് പോലീസ് പ്രതിയെ പിടികൂടുകയും പരാതിക്കാരിയെ വിളിച്ചുവരുത്തി ആളെ തിരിച്ചറിയുകയും ചെയ്തു. നിരവധി ക്രിമിനൽ സംഭവങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ആളാണ് പ്രതി.

താൻ നേരിട്ട ദുരനുഭവവും അർദ്ധരാത്രിയിൽ വളരെ പെട്ടെന്ന് പോലീസ് സഹായം ലഭിച്ചതും വൈകാതെ തന്നെ പ്രതിയെ പിടികൂടിയതും ചൂണ്ടിക്കാട്ടി പരാതിക്കാരി സംസ്ഥാന

പോലീസ് മേധാവിക്ക് ഇ-മെയിൽ മുഖേന അഭിനന്ദനം അറിയിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണത്തിന് നേതൃത്വം നൽകുകയും പ്രതികളെ പിടികൂടുകയും ചെയ്ത പോലീസ് ഉദ്യോഗസ്ഥർക്ക് സംസ്ഥാന പോലീസ് മേധാവി പ്രശംസാപത്രവും ഗുഡ് സർവീസ് എൻട്രിയും പ്രഖ്യാപിച്ചത്.

************************